## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:92** 23/01/2018 ൽ മറുപടിയ്ക്ക്

**ദുരിതാശ്വാസ നിധിയിൽ നിന്ന് ദേവികുളത്ത് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് ചികിത്സയ്ക്കും മറ്റും അനുവദിച്ചതെന്ന് വ്യക്തമാക്കമോ; | (എ) | നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (ബി) | അപേക്ഷ ലഭിച്ചതിൽ ഇനിയും ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നത് ഏതൊക്കെ വില്ലേജുകളിലുള്ള അപേക്ഷകർക്കാണെന്ന വിശദാംശം നൽകുമോ; | (ബി) & (സി) | കാല താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്തിയിട്ടുണ്ട്. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |
| (സി) | കാലതാമസം ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | | |

Bindumol. K. N

സെക്ഷൻ ഓഫീസർ